# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** | **29/10/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണ ഉപാധികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എം. ഷാജി<br>„ അബ്ദുൽ ഹമീദ് പി.<br>„ ടി. വി. ഇബ്രാഹിം<br>„ പി.കെ.അബ്ദു റബ്ബ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | എന്തെല്ലാം ഉപാധികളുടെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് അനുമതി നൽകിയിട്ടുള്ളത്.<br><br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയനശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.<br>3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം. |

| | | | |
|---|---|---|---|
| | | | 4) ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാവണം.<br>5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.<br>6) അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം. |
| (ബി) | റിസർവ് ബാങ്ക് നിഷ്കർഷിച്ച ഉപാധികൾ മുഴുവൻ പാലിക്കുന്നതിന് എത്ര സമയം വേണ്ടിവരുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | 2020 മാർച്ച് 31 തീയതി വരെയാണ് റിസർവ്വ് ബാങ്ക് സമയം അനുവദിച്ചിട്ടുള്ളത്. |
| (സി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്; അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (സി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്. റിസർവ്വ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ച വിവരം ബഹു.കോടതിയെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ